പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2822 — 10.12.2014 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ. കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് അപ്രന്റീസ് ട്രെയിനിംഗ് നൽകി ബന്ധപ്പെട്ട ട്രേഡിൽ പരിചയം ഉറപ്പാക്കുകയും, ജോലി ലഭിക്കുമ്പോൾ പ്രസ്തുത ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കാറുള്ള കാര്യവും അറിയുമോ ;<br><br>(ബി) എങ്കിൽ എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എക്സ്പീരിയൻസ് കണക്കാക്കുന്നത് ? | ***(എ) & (ബി)*** 6.7.1966-ലെ 514/6/ എച്ച്.എൽ.ഡി നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരു വർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും സർക്കാർ ഉത്തരവുണ്ടെങ്കിലും, കെ.എസ്.&എസ്.എസ്.ആർ. റൂൾ (10) (എ.ബി) യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ